COURT FEE 10 Rs. भारत INDIA दस रुपये TEN RUPEES

B2 415849/12/2012
11/12

11 DEC 2012

പ്രേഷിതൻ - റഷീദ് സി.
സ്റ്റേറ്റ് വൈസ് പ്രസിഡന്റ്
ആർ.ടി.ഐ. കേരളാ ഫെഡറേഷൻ

തോലിയാനിക്കരയിൽ വീട്
ആനപ്പാറ, പത്തനംതിട്ട - 689 645

സ്വീകർത്താവ് - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ
ബഹു. ജില്ലാ കളക്ടറുടെ ഓഫീസ്, പത്തനംതിട്ട

സർ,

വിഷയം - വിവരാവകാശ നിയമം - 2005

1. 1995ലെ വികലാംഗ സംരക്ഷണ നിയമം സെക്ഷൻ 46 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ക്രമീകരിയ്ക്കണമെന്ന് കാണിച്ച് ജില്ലയിലെ 61 ഓഫീസുകളിലേക്ക് ബഹു. ജില്ലാ കളക്ടർ 03.10.2012 തീയതി രേഖപ്പെടുത്തി ബി2- 7478/2012 നമ്പരായി നൽകിയ കത്തുകളിന്മേലും, ബഹു. ജില്ലാ കളക്ടർക്ക് 11.09.2012 തീയതി രേഖപ്പെടുത്തി നൽകിയതും ബഹു. ജില്ലാ കളക്ടർ ജില്ലയിലെ 61 ഓഫീസുകളിലേയ്ക്കും അയച്ചു കൊടുത്ത അപേക്ഷയിന്മേലും ജില്ലയിലെ ഓരോ ഓഫീസും എന്ത് നടപടി സ്വീകരിച്ചു?. സ്വീകരിച്ച നടപടികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.

2. ഞാൻ 11.09.2012 തീയതി രേഖപ്പെടുത്തി ബഹു. ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1995ലെ വികലാംഗ സംരക്ഷണ നിയമം സെക്ഷൻ 46 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ക്രമീകരിയ്ക്കണമെന്ന് കാണിച്ച് ഞാൻ 11.09.2012ൽ ബഹു. ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയും 03.10.2012 തീയതി രേഖപ്പെടുത്തി ബി2- 7478/12 നമ്പരായി ബഹു. ജില്ലാ കളക്ടറുടെ കത്തും ബഹു. ജില്ലാ കളക്ടർ ജില്ലയിലെ 61 ഓഫീസുകളിലേക്ക് അയച്ചു കൊടുത്തിരുന്നു. ബഹു. ജില്ലാ കളക്ടർ 03.10.2012 തീയതി രേഖപ്പെടുത്തി ബി2- 7478/2012 നമ്പരായി ജില്ലയിലെ 61 ഓഫീസുകളിലേയ്ക്ക് അയച്ച കത്ത് ഓരോ ഓഫീസുകളിലേയും വിതരണ പതിവേഡ് രജിസ്റ്ററിലും പേഴ്സണൽ രജിസ്റ്ററുകളിലും ചേർത്ത തീയതികൾ എന്നാണ്.?.

3. ബഹു. ജില്ലാ കളക്ടർക്ക് 11.09.2012 തീയതി രേഖപ്പെടുത്തി ഞാൻ നൽകിയ അപേക്ഷയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ജില്ലാ കളക്ടർ 03.10.2012 തീയതി രേഖപ്പെടുത്തി ബി2- 7478/12 നമ്പരായി ജില്ലയിലെ 61 ഓഫീസുകളിലും ബഹു. ജില്ലാ കളക്ടർ നൽകിയ കത്ത് ജില്ലയിലെ 61 ഓഫീസുകളുടെയും നിയന്ത്രണവും അധീനതയിലുമുള്ള കീഴ് ഓഫീസുകളിലേയ്ക്ക് ജില്ലയിലെ 61 ഓഫീസുകളിലെ അധികാരികൾ കൈമാറിയിട്ടുണ്ടോ?. ഉണ്ട് എങ്കിൽ ആ കൈമാറിയ കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.

4. ബഹു. ജില്ലാ കളക്ടറുടെ 03.10.2012ലെ ബി2- 7478/2012 നമ്പരായുള്ള കത്തിലെ നിർദ്ദേശാനുസരണം ശാരീരിക ന്യൂനതയുള്ളവരുടെ വീൽ ചെയറുകൾ ഓഫീസുകളിൽ കയറത്തക്കവിധം റാംപുകൾ നിർമ്മിക്കുന്നതിന് തടസ്സമായി അങ്ങയുടെ ഓഫീസിലും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും

ഏതെങ്കിലും രേഖകൾ ഉണ്ടോ?. ഉണ്ട് എങ്കിൽ ആയതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുക.

5. ബഹു. ജില്ലാ കളക്ടറുടെ 03.10.2012ലെ ബി2- 7478/2012 നമ്പരായുള്ള കത്ത് അങ്ങയുടെ ഓഫീസിലും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ലഭിക്കുന്നതിന് മുമ്പോ ശേഷമോ അങ്ങയുടെ ഓഫീസിൽ റാംപ് നിർമ്മിച്ചിട്ടുണ്ടോ?.

6. അങ്ങയുടെയും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ശാരീരിക ന്യൂനതയുള്ളവരുടെ വീൽ ചെയറുകൾ ഓഫീസുകൾക്കുള്ളിലേക്ക് പ്രവേശിക്കണമെങ്കിൽ റാംപ് നിർമ്മിയ്ക്കേണ്ട ആവശ്യമുണ്ടോ?.

7. അങ്ങയുടെയും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ശാരീരിക ന്യൂനതയുള്ളവരുടെ വീൽ ചെയറുകൾ പ്രവേശിക്കുന്നതിനായി റാംപുകളോ ലിഫ്റ്റുകളോ നിർമ്മിക്കുന്നതിന് എന്തെങ്കിലും എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ?. ഉണ്ട് എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തിരിക്കുന്നത്?.

8. അങ്ങയുടെ ഓഫീസിൽ ബഹു. അഡീഷണൽ വികലാംഗ കമ്മീഷണറുടെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ അടങ്ങിയ ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ?. ഉണ്ട് എങ്കിൽ ആയതിന് എത്ര രൂപ ചിലവായി?

9. അങ്ങയുടെയും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ജോലി ചെയ്യുന്ന വികലാംഗ ജീവനക്കാരുടെ പേരും, മേൽവിലാസവും, വൈകല്യത്തിന്റെ ശതമാനവും തസ്തികയും ഓരോ ജീവനക്കാരനും സർവ്വീസിൽ പ്രവേശിച്ച തീയതിയും അറിയിക്കുക.

10. അങ്ങയുടെയും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ശാരീരിക ന്യൂനതയുള്ളവരുടെ വീൽ ചെയറുകൾ ഓഫീസുകൾക്കുള്ളിൽ കയറുംവിധം റാംപുകൾ നിർമ്മിച്ചിട്ടില്ലായെങ്കിൽ, അങ്ങയുടെയും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ജോലി ചെയ്യുന്നതും സേവനത്തിനായും വരുന്ന ശാരീരിക ന്യൂനതയുള്ള വികലാംഗർക്ക് അവർ വീൽ ചെയറിൽ വന്നു ഇരിക്കുന്ന സ്ഥലത്തു ജോലി ചെയ്യുവാനും സേവനം നൽകുവാനും ആവശ്യമായ ക്രമീകരണങ്ങൾ അങ്ങയുടെ ഓഫീസിലും അങ്ങയുടെ ജില്ലയിലെ മുഴുവൻ ഓഫീസുകളിലും ഒരുക്കിയിട്ടുണ്ടോ?. ഉണ്ട് എങ്കിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് എന്ന് അറിയിക്കുക.

ഞാൻ ശാരീരിക ന്യൂനതയുള്ള ഒട്ടും നടക്കുവാൻ സാധിയ്ക്കാത്ത വികലാംഗനാണ്. എന്നെ എടുക്കണമെങ്കിൽ 4 പേർ വേണം. മേൽ ഖണ്ഡികകളിലൂടെ ഞാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വിവരാവകാശ നിയമം 5(5), 6, 6(3), 7(6), 7(1), 19(8) എന്നീ വകുപ്പുകൾ പ്രകാരം മറുപടി നൽകുവാനും മറുപടി ലഭ്യമാക്കിത്തരുവാനും അപേക്ഷിക്കുന്നു.

എന്ന്,

11.12.2012

പത്തനംതിട്ട

റഷീദ് സി.